REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 04-07-2025 **സമയം** 06.45 PM

## പ്രധാന വാർത്തകൾ

- പഞ്ചരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദ്വീപ് രാഷ്ട്രമായ ട്രിനിഡാഡ് ടൊബാഗോയിലെത്തി.
- പ്രധാനമന്ത്രി ഇന്ന് അർജന്റീനയിലേക്ക് തിരിക്കും.
- അക്ഷയ ഊർജവും ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട അനെർട്ടിന്റെ നാല് പദ്ധതികൾ മന്ത്രി K. കൃഷ്ണൻകുട്ടി ഇന്ന് ഉദ്ഘാടനം ചെയ്യും.
- ഒരു മാസത്തെ കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് തൃക്കലശാട്ടോടെ ഇന്ന് സമാപനം.
- സംസ്ഥാനത്ത് ഞായറാഴ്ച വരെ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
- ബർമിംഗ്ഹാമിൽ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ രണ്ടാം ടെസ്റ്റിന്റെ രണ്ടാം ദിനത്തിൽ ഇന്ത്യയ്ക്ക് മികച്ച സ്കോർ.

## വാർത്തകൾ വിശദമായി

പഞ്ചരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദ്വീപ് രാഷ്ട്രമായ ട്രിനിഡാഡ് ടൊബാഗോയിലെത്തി. വർഷങ്ങൾക്കു മുമ്പ് ഇന്ത്യയിൽ നിന്ന് നിരവധി ആളുകൾ ട്രിനിഡാഡ് ടൊബാഗോയിലെത്തിയിട്ടുണ്ടെന്നും അവർ വിവിധ മേഖലകളിലൂടെ രാജ്യത്തിന്റെ വികസനയാത്രയെ സമ്പന്നമാക്കിയിട്ടുണ്ടെന്നും

പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. പോർട്ട് ഓഫ് സ്പെയിനിൽ അവിസ്മരണീയ സ്വീകരണത്തിന് ഇന്ത്യൻ സമൂഹത്തിന് നരേന്ദ്രമോദി നന്ദി അറിയിച്ചു.

...ഡെസ്ക് റിപ്പോർട്ട്...

....(വോയ്സ്)..............

പ്രധാനമന്ത്രി എന്ന നിലയിൽ ആദ്യമായാണ് നരേന്ദ്രമോദി ട്രിനിഡാഡ് ടൊബാഗോയിലെത്തുന്നത്. 1999-നു ശേഷം പ്രധാനമന്ത്രിതലത്തിലെ ആദ്യ ഉഭയകക്ഷി സന്ദർശനം കൂടിയാണിത്. പ്രസിഡന്റ് ക്രിസ്റ്റീൻ കാർല കംഗലു, പ്രധാനമന്ത്രി കമല പെർസാദ്-ബിസ്സെസർ എന്നിവരുമായും അദ്ദേഹം ചർച്ച നടത്തും. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെയും നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

പഞ്ചരാഷ്ട്ര പര്യടനത്തിന്റെ ആദ്യ ഘട്ടത്തിൽ ഘാനയിലെത്തിയ പ്രധാനമന്ത്രി ഘാന പ്രസിഡന്റ് ജോൺ മഹാമയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയെ ജനാധിപത്യത്തിന്റെ മാതാവായി വിശേഷിപ്പിച്ച പ്രധാനമന്ത്രി പശ്ചിമ ആഫ്രിക്കൻ രാജ്യമായ ഘാന ജനാധിപത്യത്തോട് കാണിക്കുന്ന പ്രതിബദ്ധതയെ പ്രശംസിച്ചു.

ആയുർവേദം, പരമ്പരാഗത വൈദ്യശാസ്ത്രം ഉൾപ്പെടെ നാല് ധാരണപത്രങ്ങളും ഇരുരാജ്യങ്ങളും കൈമാറി. പശ്ചിമ ആഫ്രിക്കൻ മേഖലയ്ക്കായി ഘാനയിൽ വാക്സിൻ ഹബ് വികസനിപ്പിക്കുമെന്നും, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ, നൈപുണ്യ വികസനം എന്നിവയിൽ ഇന്ത്യ സഹകരണം വാഗ്ദാനം ചെയ്യുന്നതായും നരേന്ദ്രമോദി പറഞ്ഞു.

പ്രതിരോധം, സമുദ്ര സുരക്ഷ, ഊർജ്ജം ഉൾപ്പെടെ മേഖലകളിൽ ഘാനയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിൽ വലിയ സാധ്യതകൾ കാണുന്നുണ്ടെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ട്രിനിഡാഡ് ടൊബാഗോയിലെ സന്ദർശനത്തിനു ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അർജന്റീനയിലേക്ക് തിരിക്കും. പ്രസിഡന്റ് ജാവിയർ മിലേയുടെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി അർജന്റീനയിലെത്തുന്നത്. പ്രതിരോധം, കൃഷി, ഖനനം, എണ്ണ, വാതകം, പുനരുപയോഗ ഊർജ്ജം,

വ്യാപാരം, നിക്ഷേപം തുടങ്ങിയ പ്രധാന മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് നരേന്ദ്രമോദിയും മിലേയും ചർച്ച നടത്തും.

ബ്രസീലിൽ ചേരുന്ന 17-ാമത് ബ്രിക്സ് ഉച്ചകോടിയിലും നരേന്ദ്രമോദി പങ്കെടുക്കും. നാളെ റിയോ ഡി ജനീറയിലെത്തുന്ന അദ്ദേഹം ആഗോള ഭരണ പരിഷ്കരണം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ആശയങ്ങൾ കൈമാറും.

✪✪✪

US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ കാണാൻ വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കറിന്റെ അഭ്യർത്ഥന വൈറ്റ് ഹൗസ് നിരസിച്ചുവെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്ത കേന്ദ്ര ഗവൺമെന്റ് നിഷേധിച്ചു. വാർത്ത വ്യാജമാണെന്ന് വിദേശകാര്യമന്ത്രാലയത്തിന്റെ ഫാക്ട്ചെക് വിഭാഗം അറിയിച്ചു.

✪✪✪

അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപിന്റെ നികുതി ചെലവ് ബില്ലായ ബിഗ് ബ്യൂട്ടിഫുൾ ബിൽ US കോൺഗ്രസ് പാസാക്കി. ചൊവ്വാഴ്ച സെനറ്റിൽ ഒരു വോട്ടിന് അംഗീകരിച്ച ബിൽ പ്രതിനിധി സഭയിൽ 214 നെതിരെ 218 വോട്ടുകളോടെയാണ് പാസായത്. ബില്ലിന്റെ അന്തിമ പതിപ്പ് നിയമമാക്കാൻ ട്രംപ് ഇന്നു വരെയാണ് സമയപരിധി നൽകിയത്.

✪✪✪

രാജ്യത്ത് കഴിഞ്ഞ മാസം 229 കോടി 33 ലക്ഷം ആധാർ അധിഷ്ഠിത ഇടപാടുകൾ നടന്നതായി കേന്ദ്രഗവൺമെന്റ് അറിയിച്ചു. ഇതോടെ ആധാർ സ്ഥിരീകരണത്തിന്റെ തുടക്കം മുതൽ കണക്കാക്കിയ ഇടപാടുകളുടെ ആകെ എണ്ണം 15,452 കോടി കവിഞ്ഞു. കഴിഞ്ഞ വർഷം ജൂണിൽ രേഖപ്പെടുത്തിയ ഇടപാടുകളേക്കാൾ ഏകദേശം 7.8 ശതമാനം അധികമാണിത്. ആധാറിന്റെ വ്യാപക ഉപയോഗവും പ്രയോജനവും രാജ്യത്തെ ഡിജിറ്റൽ സമ്പദ് വ്യവസ്ഥയുടെ അഭിവൃദ്ധിയാണ് കാണിക്കുന്നതെന്ന് കേന്ദ്രം വ്യക്തമാക്കി. 39 കോടി 47 ലക്ഷം E-KYC ഇടപാടുകളാണ് ജൂണിൽ നടത്തിയത്.

✪✪✪

ജാർഖണ്ഡിലെ റാഞ്ചിയിൽ സാവിത്രി ഭായി ഫൂലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വുമൺ ആന്റ് ചൈൽഡ് ഡെവലപ്മെന്റിന്റെ പുതിയ

റീജിയണൽ സെന്റർ കേന്ദ്രമന്ത്രി അന്നപൂർണ ദേവി ഇന്ന് ഉദ്ഘാടനം ചെയ്യും. പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി ഇടപെടലുകൾ നടത്തുന്നതിലും കേന്ദ്ര പദ്ധതികളുടെ അടിസ്ഥാനതല നടത്തിപ്പ് ശക്തിപ്പെടുത്തുന്നതിലും ഇൻസ്റ്റിറ്റ്യൂട്ട് നിർണായക പങ്ക് വഹിക്കും.

✪✪✪

അക്ഷയ ഊർജവും ഇ-മൊബിലിറ്റിയുമായി ബന്ധപ്പെട്ട് അനെർട്ട് സംഘടിപ്പിക്കുന്ന നാല് പ്രധാനപദ്ധതികൾ ഇന്ന് ഉച്ചയ്ക്ക് മന്ത്രി K. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യും. വെഹിക്കിൾ ടു ഗ്രിഡ് പൈലറ്റ് പദ്ധതി, വൈദ്യുത ഗ്രിഡ് സംയോജിത ഊർജ്ജ സംഭരണ സംവിധാനം, ഇ.വി. കസ്റ്റമർ ലോഞ്ച് എന്നിവയാണ് ഉദ്ഘാടനം ചെയ്യുന്നത്. തിരുവനന്തപുരം PMG അനെർട്ട് കേന്ദ്ര കാര്യാലയത്തിലെ ചടങ്ങിൽ വൈദ്യുത വാഹന ചാർജ്ജിംഗിനായി ആധുനിക രീതിയിൽ മൊബൈൽ ആപ്ലിക്കേഷന്റെ ഔദ്യോഗിക പ്രഖ്യാപനവും മന്ത്രി നടത്തും.

✪✪✪

മുൻ മുഖ്യമന്ത്രി VS അച്യുതാനന്ദന്റെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നു. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ തീവ്ര പരിചരണ വിഭാഗത്തിൽ കഴിയുന്ന അദ്ദേഹം മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെന്ന് ഡോക്ടർമാർ മെഡിക്കൽ ബുള്ളറ്റിനിൽ അറിയിച്ചു.

✪✪✪

സ്വകാര്യ ബസുകളിൽ മുതിർന്ന പൗരൻമാർക്ക് സീറ്റ് സംവരണം വർധിപ്പിക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണർ നടപടി സ്വീകരിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ഉത്തരവിട്ടു. സ്വകാര്യ ബസുകളിൽ യാത്ര ചെയ്യുന്ന മുതിർന്ന പൗരൻമാരുടെ അസൗകര്യങ്ങൾ കമ്മീഷന് ബോധ്യമുണ്ടെന്ന് ഉത്തരവിൽ പറയുന്നു. ബസ്സുകളിലെ ചവിട്ടുപടികളുടെ ഉയരം അനുവദനീയമായ നിലയിലാക്കണമെന്നും, ജീവനക്കാർ മുതിർന്നവരോട് സൗഹൃദ മനോഭാവം കാണിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

ഉത്തരവിൽ സ്വീകരിച്ച നടപടികൾ രണ്ടു മാസത്തിനകം കമ്മീഷണനെ അറിയിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കോഴിക്കോട് പെരുമണ്ണ സ്വദേശി സമർപ്പിച്ച പരാതിയിലാണ് നടപടി.

✪✪✪

ഒരു മാസത്തെ കൊട്ടിയൂർ വൈശാഖ മഹോത്സവം തൃക്കലശാട്ടോടെ ഇന്ന് സമാപിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രധിനിധി K.O ശശിധരൻ.

.....(വോയ്സ്).........

✪✪✪

സംസ്ഥാനത്ത് ഞായറാഴ്ച വരെ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

കണ്ണൂർ നഗരത്തിലും പരിസരങ്ങളിലും ഇന്നലെ രാത്രി വീശിയടിച്ച ശക്തമായ കാറ്റിലും മഴയിലും വ്യാപക നഷ്ടമുണ്ടായി. മരം വീണ് വൈദ്യുത തൂണുകളും പരസ്യ ബോർഡുകളും ഉൾപ്പെടെ തകർന്നു.

ചെറുപുഴയിൽ ഇന്നലെ ഉച്ചയ്ക്ക് ശേഷം ഉണ്ടായ ശക്തമായ കാറ്റിലും മഴയിലും കെട്ടിടങ്ങൾക്കും വീടിനും കൃഷിക്കും നാശമുണ്ടായി.

✪✪✪

ബർമിംഗ്ഹാമിൽ ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ രണ്ടാം ടെസ്റ്റിന്റെ രണ്ടാം ദിനത്തിൽ ഇന്ത്യയ്ക്ക് മികച്ച സ്കോർ. ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ 587 റൺസിന്റെ കൂറ്റൻ സ്കോറാണ് നേടിയത്. ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെ 269 റൺസിന്റെ മിന്നുന്ന പ്രകടനമാണ് ഇന്ത്യയെ മികച്ച നിലയിലെത്തിച്ചത്.

മറുപടി ബാറ്റിംഗിൽ ഇംഗ്ലണ്ട് ഒന്നാം ഇന്നിംഗ്സിൽ 3 വിക്കറ്റിന് 77 റൺസ് എന്ന നിലയിലാണ്.

ആദ്യ ടെസ്റ്റിൽ അഞ്ച് വിക്കറ്റ് വിജയം നേടിയ ഇംഗ്ലണ്ട് അഞ്ച് മത്സര പരമ്പരയിൽ 1-0 ത്തിന് മുന്നിലാണ്.

✪✪✪

വിംബിൾഡൺ ടെന്നീസ് പുരുഷ ഡബിൾസിൽ ഇന്ത്യയുടെ ശ്രീറാം ബാലാജി രണ്ടാം റൗണ്ടിൽ കടന്നു. ലണ്ടനിൽ ബാലാജിയും മെക്സിക്കൻ പങ്കാളിയായ മിഗ്വൽ റെയ്സ്-വരേലയും ആദ്യ റൗണ്ട് മത്സരത്തിൽ അമേരിക്കൻ താരങ്ങളെ പരാജയപ്പെടുത്തി. യൂക്കി ഭാംബ്രിയും ഋത്വിക് ബോള്ളിപാലും പുരുഷ ഡബിൾസിന്റെ രണ്ടാം റൗണ്ടിൽ പ്രവേശിച്ചു. രോഹൻ ബൊപ്പണ്ണ ആദ്യ റൗണ്ടിൽ പുറത്തായി.

✪✪✪

ആദ്യ ഖേലോ ഇന്ത്യ വാട്ടർ സ്പോർട്സ് ഫെസ്റ്റിവൽ ശ്രീനഗറിലെ ദാൽ തടാകത്തിൽ അടുത്തമാസം 21 ന് ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ അറിയിച്ചു. മൂന്ന് ദിവസത്തെ ജല കായികമേളയിൽ കയാക്കിംഗ്, കനോയിംഗ്, റോയിംഗ്, വാട്ടർ സ്കീയിംഗ്, ഷിക്കാര റേസ്, ഡ്രാഗൺ ബോട്ട് എന്നിവ ഉൾപ്പെടും. ഓപ്പൺ-ഏജ് മത്സരത്തിൽ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമായി 400-ലധികം താരങ്ങൾ പങ്കെടുക്കും.

✪✪✪

പ്ലസ് വൺ പ്രവേശനത്തിന്റെ ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം ഇന്ന് രാവിലെ 10 മുതൽ ചൊവ്വാഴ്ച വൈകിട്ട് 4 വരെ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാം. ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റ് ഫലം ഇന്നലെ പ്രസിദ്ധീകരിച്ചിരുന്നു.

മോഡൽ റെസിഡെൻഷ്യൽ സ്കൂളുകളിലേയ്ക്ക് സപ്ലിമെന്ററി അലോട്ട്മെന്റും ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

✪✪✪

KSU സംസ്ഥാന വ്യാപകമായി ഇന്ന് വിദ്യാഭ്യാസ ബന്ദ് നടത്തുമെന്ന് സംസ്ഥാന പ്രസിഡന്റ് അലോഷ്യസ് സേവ്യർ അറിയിച്ചു. ഇന്നലെ സംഘടിപ്പിച്ച സെക്രട്ടേറിയേറ്റ് മാർച്ചിനു നേരെ പൊലീസ് അതിക്രമം കാട്ടിയെന്നാരോപിച്ചാണ് വിദ്യാഭ്യാസ ബന്ദിന് ആഹ്വാനം ചെയ്തത്.

✪✪✪

സംസ്ഥാനത്തെ ആശുപത്രികൾ രോഗികളെ രക്ഷിക്കുന്നതിന് പകരം മനുഷ്യന്റെ ജീവനെടുക്കുന്ന കേന്ദ്രങ്ങളായി മാറിയെന്ന് BJP കോഴിക്കോട് സിറ്റി ജില്ലാ പ്രസിഡന്റ് K.P പ്രകാശ്ബാബു ആരോപിച്ചു. കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്ന് രോഗിയുടെ ബന്ധു മരിച്ചതിൽ പ്രതിഷേധിച്ച് കോഴിക്കോട് BJP നടത്തിയ പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രോഗികളുടെ ജീവൻ

അപകടത്തിലാകുമ്പോൾ ന്യായീകരിക്കാൻ ശ്രമിക്കുകയാണ് മന്ത്രി വീണാജോർജ് എന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കോട്ടയം മെഡിക്കൽ കോളജ് അപകടം സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ കെടുകാര്യസ്ഥതയിലേക്കാണ് വിരൽ ചൂണ്ടുന്നതെന്ന് മുസ്ലീം ലീഗ് നിയമസഭാ കക്ഷി ഉപനേതാവ് MK മുനീർ പറഞ്ഞു. ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് M.K മുനീർ കോഴിക്കോട്ട് ആവശ്യപ്പെട്ടു.

✪✪✪

കോട്ടയം മെഡിക്കൽ കോളജിൽ കെട്ടിടം തകർന്നു വീണ് സ്ത്രീ മരിച്ച സംഭവത്തിൽ യൂത്ത് കോൺഗ്രസ്, കോഴിക്കോട്ട് പ്രതിഷേധിച്ചു. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നഗരത്തിൽ പ്രവർത്തകർ പ്രകടനം നടത്തി.

✪✪✪

കേരളത്തിന്റെ വികസനത്തിൽ ഊന്നിയ പ്രവർത്തനമാണ് BJP ലക്ഷ്യം വെക്കുന്നതെന്ന് പാർട്ടി സംസഥാന ജനറൽ സെക്രട്ടറി MT രമേശ് പറഞ്ഞു. മിഷൻ 2025 വികസിത കേരളം കോഴിക്കോട് സിറ്റി ജില്ലാ നേതൃയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*NRT: ഫസ്ന ഫാത്തിമ*
*DEO : ഷീബ*